ഇ-ഫയലിംഗ്

2 (2) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) DEAS വഴി ഫയലുകളുടെ നീക്കം അറിയുന്നതിന് നടപടികൾക്കായി ഫയൽ സമർപ്പിക്കുന്ന സമയത്തു തന്നെ ആയതു സെക്ഷനുകളിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇ-ഫയലിംഗ് നടപ്പായതോടെ ഫിനാൻസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ ഫയലുകളുടെ നീക്കം അറിയുന്നതിന് സാമാജികർക്ക് കഴിയാതെ വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 9067/VIP/2014/CM നമ്പർ കത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെതന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം ഐഡിയാസ് വഴി ലഭ്യമാണ്. ഫയൽ സമർപ്പിക്കുന്ന സമയത്തുതന്നെ ആയത് ഐഡിയാസിൽ രേഖപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐഡിയാസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ്വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയാസ് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ.ഐ.സി.യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച കത്ത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സുതാര്യ കേരളം ഫോൺ ഇൻ പരിപാടി

3 (3) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുമായി ദൂരദർശനിൽ നേരിട്ട് സംവദിക്കുന്ന സുതാര്യ കേരളം ഫോൺ ഇൻ പരിപാടി മുഖ്യമന്ത്രി വേണ്ടതില്ലെന്ന് തീരുമാനിച്ചത് എന്തുകൊണ്ടാണ്;

(ബി) പരിപാടിയുടെ ഭാഗമായുള്ള ഓരോ എപ്പിസോഡുകളിലും ലഭിച്ച പരാതികളിൽ ഇനിയും തീർപ്പാക്കാതെ ഉള്ളത് എത്ര ;

LIBRARY ARCHIVES Kerala Legislative Assembly